# കേരള സർക്കാർ-ജലവിഭവ വകുപ്പ്

## പുനർ ലേല/ക്വട്ടേഷൻ പരസ്യം

നമ്പർ.ഡിവിഷൻ.എസ്സ്.ആർ.3/2017-18 തീയതി-10/04/2018

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കുവേണ്ടി ജലവിഭവ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം വി ഐ പി അഡീഷണൽ സബ്ബ് ഡിവിഷൻ, പിറവം പരസ്യപ്പെടുത്തുന്നത്.

മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിക്കുവേണ്ടി ഇടയാർ ഡിസ്ട്രിബ്യൂട്ടറി ചെയിനേജ് 0 മീറ്റർ മുതൽ 4215 മീറ്റർ വരെയുളള ഭാഗങ്ങളിൽ കനാലിനുവേണ്ടി കുഴിച്ചെടുത്തിട്ടുളള കരിങ്കല്ല് (155 ക്യൂ.മീ ) എന്നിവയുടെ ലേലം/ക്വട്ടേഷൻ താഴെ വിവരിക്കുന്ന സ്ഥലത്തും തീയതിയിലും സമയത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുളള ഉദ്യോഗസ്ഥരോ നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി ലേലസ്ഥലത്ത് ഹാജരായി താഴെ വിവരിക്കുന്ന നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുവാൻ നിരതദ്രവ്യം ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എസ്.ബി.റ്റി.യുടെ പിറവം ശാഖയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം വി ഐ പി അഡീഷണൽ സബ്ബ് ഡിവിഷൻ, പിറവത്തിന് ബാങ്ക് ഡപ്പോസിറ്റ് രസീത് ഉളളടക്കം ചെയ്തിരിക്കണം. ഇപ്രകാരം സീൽ വച്ച ക്വട്ടേഷൻ ലേല തീയതിക്കുമുമ്പുളള പ്രവൃത്തി ദിവസം ഈ ഓഫീസിൽ കിട്ടത്തക്കവിധത്തിൽ രജിസ്റ്റേഡ് തപാലിലോ നേരിട്ടോ എത്തിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ ലേലത്തിനു ശേഷം അപ്പോൾ ഹാജരാത്തിയിട്ടുളള ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുളളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. കൂടുതൽ തുകയ്ക്ക് ലേലം/ ക്വട്ടേഷൻ ചെയ്തിട്ടുളളവർക്ക് താല്കാലികമായി ലേലം ഉറപ്പിക്കുന്നതും ലേലം/ ക്വട്ടേഷൻ കൊളളുന്നയാൾ അപ്പോൾത്തന്നെ മുഴുവൻ തുകയും നികുതികൾ ഉൾപ്പെടെ കെട്ടിവയ്ക്കേണ്ടതും ആകുന്നു. ലേലം സ്ഥിരപ്പെടുത്തിയെന്ന് ഈ ഓഫീസിൽ നിന്നും അറിയിപ്പ് കിട്ടി 7 ദിവസത്തിനകം ലേലവസ്തുക്കൾ സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതും ആകുന്നു. ലേലതീയതി ഏതെങ്കിലും കാരണവശാൽ അവധിയായി സർക്കാർ പ്രഖ്യാപിക്കുക ആണെങ്കിൽ അടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും, അതേ സമയത്തും ലേലം നടത്തുന്നതാണ്.

പൊതുമരാമത്ത്/ജലസേചന വകുപ്പിൽ നിലവിലുള്ള ലേല സംബന്ധമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ ലേലത്തിനു മുൻപ് ആയി എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

| ക്രമ നമ്പർ | സർവ്വേ റിപ്പോർട്ട് നമ്പർ | നിരതദ്രവ്യം രൂപ | ലേല വസ്തുക്കൾ | ലേലസ്ഥലവും തീയതിയും സമയവും |
|---|---|---|---|---|
| 1. | ഡിവിഷൻ സർവ്വേ റിപ്പോർട്ട് നമ്പർ. 3/2017-18 | 5000/- | ഇടയാർ ഡിസ്ട്രിബ്യൂട്ടറിയുടെ ടി ചെയ്നേജിലെ കരിങ്കല്ല് 155 ക്യൂ.മീ. | ഇടയാർ ഡിസ്ട്രിബ്യൂട്ടറിയുടെ 1500 മീ. ചെയിനേജ്-നോട് അടുത്തുള്ള റോഡിനു സമീപം<br>തീയതി- 20/04/2018<br>സമയം-11 .30 എ എം |

കേരളാ ഗവർണ്ണർക്കുവേണ്ടി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
എം വി ഐ പി അഡീഷണൽ സബ്ബ് ഡിവിഷൻ
പിറവം

പകർപ്പ്

1.എക്സിക്യൂട്ടീവ് എഞ്ചിനീയർ എം വി ഐ പി ഡിവിഷൻ നമ്പർ.4 പിറവം
2.നോട്ടീസ് ബോർഡ്
3.മുൻസിപ്പാലിറ്റി കൂത്താട്ടുകുളം
4.ഗ്രാമപഞ്ചായത്ത് തിരുമാറാടി
5.വില്ലേജ് ഓഫീസ് കൂത്താട്ടുകുളം
6.അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ,എംവി ഐ പി സബ്ബ്ഡിവിഷൻ നം.14,കുറുപ്പന്തറ
7.ഇറിഗേഷൻ സബ്ബ് ഡിവിഷൻ. പിറവം.
8.ഐ.ഐ.പി.സർക്കിൾ, പിറവം.
9.ഐ.റ്റി.സെൽ, തിരുവനന്തപുരം
10.ലോക്കൽ